**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **12-03-2025 - ൽ മറുപടിയ്ക്ക്**

**പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് എണ്ണത്തിൽ അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ പെൺകുട്ടികൾ പിറകിലായി പോകുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ; | (എ) | പഠനത്തോടൊപ്പം തൊഴിൽ നൽകുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയായ "Earn While You Learn” വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനത്തിനായി നൽകുന്ന ഹ്രസ്വകാല കോഴ്സ് എന്നിവയിൽ പെൺകുട്ടികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തി തൊഴിൽ ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.<br><br>കൂടാതെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ്കേരള (Additional Skill Acquisition Programme Kerala) നേരിട്ട് സംഘടിപ്പിക്കുന്ന നൈപുണ്യ പരിശീലന പരിപാടികളും, അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പരിശീലന പങ്കാളികൾ മുഖേനയും, വിവിധ കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നൈപുണ്യ പരിശീലനവും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവരെതൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയുടെ കീഴിലും, കെ-ഡിസ്ക്, വനിതാ ശിശുക്ഷേമവകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾക്കും പദ്ധതികൾക്കും കീഴിലും, PMKVY, ബേട്ടി ബചാവോ ബേട്ടി പഠാവോ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിലും അസാപ് കേരള മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

അസാപ് കേരളയുടെ നേതൃത്വത്തിൽ 300ലധികം കോളേജുകളിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആൻഡ് കരിയർപ്ലാനിംഗ് (CSDCCP) പ്രവർത്തിച്ചു വരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, അക്കൗണ്ടിംഗ്, മോളിക്യുലാർ വൈറോളജി, മെഡിക്കൽ കോഡിങ്, സൈബർ സെക്യൂരിറ്റി, ഡിജിറ്റൽ മാർക്കറ്റിംഗ്, ജർമൻ, ജാപ്പനീസ് മുതലായ വിദേശ ഭാഷകൾ തുടങ്ങി 100ലധികം കോഴ്സുകളിൽ പരിശീലനം നേടാൻ അവസരമൊരുക്കുന്നു. ഇത്തരത്തിൽ നൈപുണ്യപരിശീലനം നേടുന്നതിൽ ഭൂരിഭാഗം വിദ്യാർത്ഥികളും വനിതകളാണ്.

കേരള സർവകലാശാല വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യശേഷീ വികാസം, തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കൽ എന്നി ലക്ഷ്യാർത്ഥം Centre for Women's Studies-ന്റെ നേതൃത്വത്തിൽ വിവിധ നൈപുണ്യശേഷീ വികസന പരിപാടികൾ സംഘടിപ്പിച്ച് പോരുന്നുണ്ട്. സർവകലാശാല KUBIIC എന്ന ഇൻക്യുബേഷൻ സെന്റർ, പ്ലെയ്സ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ സംരംഭകത്വ-നൈപുണ്യ ശേഷി വികസനത്തിൽ പരിശീലനം നടത്തി വരുന്നു. അസാപുമായി സഹകരിച്ചും C-APTകേന്ദ്രം മുഖേനയും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഈ ഉദ്ദേശാർത്ഥം നൂതന കോഴ്സുകൾ 4 വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഡസ്ട്രി വിസിറ്റ്, ഇൻറേൺഷിപ്പ് തുടങ്ങിയവ നിർബന്ധമാക്കിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല ബിരുദാനന്തര ബിരുദ കോഴ്സ് പഠിക്കുന്ന വനിതാ വിദ്യാർത്ഥികൾക്കായി എംപ്ലോയബിലിറ്റി സ്കിൽ ഡവലപ്മെന്റ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പദ്ധതിനിർദ്ദേശം പി.എം. ഉഷ പദ്ധതിയുടെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈകൊണ്ടു വരികയാണ്.

വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ സർവകലാശാലയിൽ Technology Business Incubator (TBI -KU), Kannur University Innovation & Incubation Foundation ( KUIIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്. വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം

| | | | |
|---|---|---|---|
| | | | നൽകാനും വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നേടിക്കൊടുക്കാനുമായി സർവകലാശാലയ്ക്ക് സുസജ്ജമായ കരിയർ ഗൈഡൻസ് ആൻഡ് പ്ലേസെന്റ് സെൽ ഉണ്ട്.<br><br>മഹാത്മാ ഗാന്ധി സർവകലാശാല Directorate for Applied Short Term Programmes ( DASP) ന്റെ കീഴിൽ ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്ന പ്ലേസ്മെന്റ് സെൽ, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, കരിയർ ഗൈഡൻസ് & കൗൺസിലിംഗ് സെൽ എന്നിവ തൊഴിൽ നേടുന്നതിന് വിദ്യാർത്ഥിനികളെ പ്രാപ്തരാക്കുന്നു.<br><br>ശ്രീ. ശങ്കരാചാര്യ സർവകലാശാലയിൽ നടത്തിവരുന്ന ഭരതനാട്യം, മോഹിനിയാട്ടം, മ്യൂസിക്ക്, പെയിന്റിംഗ്, സോഷ്യൽ വർക്ക് വിഷയങ്ങളിൽ നടത്തി വരുന്ന യുജി, പിജി പ്രോഗ്രാമുകളും Msc Psychology, Master of Physical Education & Sports എന്നീ പ്രോഗ്രാമുകളും വിദ്യാർത്ഥിനികളുടെ നൈപുണ്യ ശേഷി വിർദ്ധിപ്പിക്കുന്നതിനും അവരെ ഇതുമായി ബന്ധപ്പെട്ട തൊഴിൽമേഖലയ്ക്ക് അനുയോജ്യരാക്കുകയും ചെയ്യുന്നവിധത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാങ്കേതിക സർവകലാശാല വിദ്യാർത്ഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ട് വിവിധ ബിരുദ പ്രേഗ്രാമുകളുടെ പദ്ധതിയും സിലബസും പരിഷ്കരിച്ചിട്ടുണ്ട്. നൈപുണ്യ അധിഷ്ഠിത കോഴ്സുകൾ, ലബോറട്ടറി കോഴ്സുകൾ, പ്രൊജെക്ടുകൾ തുടങ്ങിയവ പരിഷ്കരിച്ച പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | സംസ്ഥാനത്തെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | പഠനത്തോടൊപ്പം തൊഴിൽ നൽകുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയായ "Earn While You Learn" വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനത്തിനായി നൽകുന്ന ഹ്രസ്വകാല കോഴ്സ് എന്നിവയിൽ പെൺകുട്ടികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തി തൊഴിൽ ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.<br><br>കൂടാതെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവരെ തൊഴിൽ |

മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ്കേരള (Additional Skill Acquisition Programme Kerala) നേരിട്ട് സംഘടിപ്പിക്കുന്ന നൈപുണ്യ പരിശീലന പരിപാടികളും, അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പരിശീലന പങ്കാളികൾ മുഖേനയും, വിവിധ കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നൈപുണ്യ പരിശീലനവും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവരെതൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയുടെ കീഴിലും, കെ-ഡിസ്ക്, വനിതാ ശിശുക്ഷേമവകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾക്കും പദ്ധതികൾക്കും കീഴിലും, PMKVY, ബേട്ടി ബചാവോ ബേട്ടി പഠാവോ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിലും അസാപ് കേരള മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

അസാപ് കേരളയുടെ നേതൃത്വത്തിൽ 300ലധികം കോളേജുകളിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആൻഡ് കരിയർപ്ലാനിംഗ് (CSDCCP) പ്രവർത്തിച്ചു വരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, അക്കൗണ്ടിംഗ്, മോളിക്യുലാർ വൈറോളജി, മെഡിക്കൽ കോഡിങ്, സൈബർ സെക്യൂരിറ്റി, ഡിജിറ്റൽ മാർക്കറ്റിംഗ്, ജർമൻ, ജാപ്പനീസ് മുതലായ വിദേശ ഭാഷകൾ തുടങ്ങി 100ലധികം കോഴ്സുകളിൽ പരിശീലനം നേടാൻ അവസരമൊരുക്കുന്നു. ഇത്തരത്തിൽ നൈപുണ്യപരിശീലനം നേടുന്നതിൽ ഭൂരിഭാഗം വിദ്യാർത്ഥികളും വനിതകളാണ്.

കേരള സർവകലാശാല വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യശേഷി വികാസം, തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കൽ എന്നി ലക്ഷ്യാർത്ഥം Centre for Women’s Studies-ന്റെ നേതൃത്വത്തിൽ വിവിധ നൈപുണ്യശേഷി വികസന പരിപാടികൾ സംഘടിപ്പിച്ച് പോരുന്നുണ്ട്. സർവകലാശാല KUBIIC എന്ന ഇൻക്യുബേഷൻ സെന്റർ, പ്ലെയ്സ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ സംരംഭകത്വ-നൈപുണ്യ ശേഷി വികസനത്തിൽ പരിശീലനം നടത്തി വരുന്നു. അസാപുമായി സഹകരിച്ചും C-APTകേന്ദ്രം മുഖേനയും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഈ

ഉദ്ദേശാർത്ഥം നൂതന കോഴ്സുകൾ 4 വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഡസ്ട്രി വിസിറ്റ്, ഇൻറേൺഷിപ്പ് തുടങ്ങിയവ നിർബന്ധമാക്കിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല ബിരുദാനന്തര ബിരുദ കോഴ്സ് പഠിക്കുന്ന വനിതാ വിദ്യാർത്ഥികൾക്കായി എംപ്ലോയബിലിറ്റി സ്കിൽ ഡവലപ്മെന്റ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പദ്ധതിനിർദ്ദേശം പി.എം ഉഷ പദ്ധതിയുടെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈകൊണ്ടു വരികയാണ്.

വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ സർവകലാശാലയിൽ Technology Business Incubator (TBI -KU), Kannur University Innovation & Incubation Foundation ( KUIIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്. വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം നൽകാനും വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നേടിക്കൊടുക്കാനുമായി സർവകലാശാലയ്ക്ക് സുസജ്ജമായ കരിയർ ഗൈഡൻസ് ആൻഡ് പ്ലേസെന്റ് സെൽ ഉണ്ട്.

മഹാത്മാ ഗാന്ധി സർവകലാശാല Directorate for Applied Short Term Programmes ( DASP) ന്റെ കീഴിൽ ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്ന പ്ലേസ്മെന്റ് സെൽ, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, കരിയർ ഗൈഡൻസ് & കൗൺസിലിംഗ് സെൽ എന്നിവ തൊഴിൽ നേടുന്നതിന് വിദ്യാർത്ഥിനികളെ പ്രാപ്തരാക്കുന്നു.

ശ്രീ. ശങ്കരാചാര്യ സർവകലാശാലയിൽ നടത്തിവരുന്ന ഭരതനാട്യം, മോഹിനിയാട്ടം, മ്യൂസിക്ക്, പെയിന്റിംഗ്, സോഷ്യൽ വർക്ക് വിഷയങ്ങളിൽ നടത്തി വരുന്ന യുജി, പിജി പ്രോഗ്രാമുകളും Msc Psychology, Master of Physical Education & Sports എന്നീ പ്രോഗ്രാമുകളും വിദ്യാർത്ഥിനികളുടെ നൈപുണ്യ ശേഷി വിർദ്ധിപ്പിക്കുന്നതിനും അവരെ ഇതുമായി ബന്ധപ്പെട്ട തൊഴിൽമേഖലയ്ക്ക് അനുയോജ്യരാക്കുകയും ചെയ്യുന്നവിധത്തിലാണ്

| | | | |
|---|---|---|---|
| | | | രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാങ്കേതിക സർവകലാശാല വിദ്യാർത്ഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ട് വിവിധ ബിരുദ പ്രോഗ്രാമുകളുടെ പദ്ധതിയും സിലബസും പരിഷ്കരിച്ചിട്ടുണ്ട്. നൈപുണ്യ അധിഷ്ഠിത കോഴ്സുകൾ, ലബോറട്ടറി കോഴ്സുകൾ, പ്രൊജെക്ടുകൾ തുടങ്ങിയവ പരിഷ്കരിച്ച പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ